# പ്രതിസന്ധിയുടെ മധ്യത്തിൽ ഇറങ്ങിവന്ന യഹോവ

## ന്യായാധിപന്മാർ 5:13

"അന്നു ശ്രേഷ്ഠന്മാരുടെ പക്ഷവും പടജ്ജനവും ഇറങ്ങിവന്നു. വീരന്മാരുടെ മദ്ധ്യേ യഹോവയും എനിക്കായി ഇറങ്ങിവന്നു."

യിസ്രായേലിനെ ന്യായപാലനം ചെയ്യാൻ ദൈവം തിരഞ്ഞെടുത്ത ദെബോറ എന്ന പ്രവാചകിയുടെ, വിപ്ലവകരമായ ഗാനത്തിന്റെ വരികളാണ് ചിന്താവിഷയം. അടിമത്വത്തിലായിരുന്ന തന്റെ ജനത്തിന്റെ നിലവിളികേട്ട്, കരുണാമയനായ ദൈവം, അത്ഭുതകരമായ തന്റെ പരിപാലനം യിസ്രായേലിനു വെളിപ്പെടുത്തി. മോചിതരായിട്ടും തങ്ങളെ നടത്തിയ ദൈവത്തെ മറന്ന് അവർ ദൈവത്തിന് അനിഷ്ടമായത് ചെയ്തു. ദൈവം അവരെ കനാന്യരാജാവായ യാബീന് ഏൽപിച്ചു. ഇരുപത് സംവത്സരം യാബീന്റെ സേനാപതിയായ സീസരയുടെ കഠിനമായ പീഡനത്തിന്റെ ഫലമായി യിസ്രായേൽ മക്കൾ യഹോവയോടു നിലവിളിച്ചു. തന്റെ ജനത്തിനെ വിടുവിക്കുവാൻ വേണ്ടി യഹോവയായ ദൈവം തിരഞ്ഞെടുത്ത ന്യായാധിപ സ്ത്രീ ആയിരുന്നു ദെബോറ.

തികഞ്ഞ ദൈവാശ്രയത്തിലൂടെ, വിവേകപൂർവ്വം ഭരിച്ച സ്ത്രീയായിരുന്നു അവൾ. ശത്രുവിന്റെ കൈയ്യിൽ നിന്നും, ദൈവം തന്നെ ഏൽപ്പിച്ച ജനത്തെ വിടുവിപ്പാൻ, അവൾ സ്വയത്തിലാശ്രയിക്കാതെ, കൂട്ടായ പ്രവർത്തനത്തിലൂടെ ശ്രമിച്ചു. ദൈവസ്വരം കേൾക്കാൻ അവൾ താല്പര്യം കാണിക്കുകയും, ദൈവപ്രവൃത്തി നിറവേറപ്പെടാൻ, മറ്റുള്ളവർക്കും അവൾ അവസരം നൽകി. ദെബോറയുടെ ജീവിതം ഓരോ വിശ്വാസിക്കും ഒരു മാതൃകയായി നിൽക്കുന്നു:

പ്രതിസന്ധികളുടെ മധ്യത്തിൽ ദൈവസ്വരം കേൾക്കാനുള്ള വിവേകം.

ദൈവം തന്നെ ഏൽപ്പിച്ചിരിക്കുന്ന ജനത്തെ നയിക്കാനുള്ള ഉത്തരവാദിത്വബോധം.

കൂട്ടായ്മയുടെ മനോഭാവം, ലഭിച്ച വിജയത്തിൽ മറ്റുള്ളവരുടെ പങ്കാളിത്വത്തെ എടുത്തു കാണിക്കാനുള്ള താഴ്മ.

ഇവയൊക്കെ ന്യായാധിപന്മാർ 4ാം അദ്ധ്യായത്തിൽ ദെബോറയുടെ പ്രത്യേകതയായി നാം വായിക്കുന്നു. ഇപ്രകാരം തികഞ്ഞ ഒരു വിശ്വാസം തന്റെ ദൈവത്തിലുറപ്പിച്ച്, ദൈവത്തിനു കീഴ്പ്പെട്ടിരിക്കുന്ന ഒരു വ്യക്തിക്ക്, തികച്ചും ധൈര്യത്തോടെ ദെബോറ പാടിയതുപോലെ പാടാൻ സാധിക്കും.

"വീരന്മാരുടെ മധ്യേ യഹോവ എനിക്കായി ഇറങ്ങിവന്നു".

പ്രിയ ദൈവമക്കളേ, ഈ വാക്യം ഒരു വിശ്വാസിക്കു വെല്ലുവിളിയായി നിൽക്കുന്നു. ഇന്ന്, പ്രയാസങ്ങളുടെ മധ്യത്തിൽ പ്രാർത്ഥിക്കുന്ന നമ്മുടെ ഹൃദയത്തിൽ ഈ ഉറപ്പുണ്ടോ? ഞാൻ ആയിരിക്കുന്ന സാഹചര്യത്തിൽ, എന്റെ പ്രതിസന്ധിയുടെ മധ്യത്തിൽ യഹോവ എനിക്കായി ഇറങ്ങി വന്നു എന്ന്, വിജയത്തോടെ ദെബോറയെപ്പോലെ പാടാൻ സാധിക്കണം.

ഹാഗാറിനു മരുഭൂമിയിൽ നീരുറവു തുറന്നുകൊടുത്ത ദൈവം, യിസ്രായേൽ ജനത്തെ ചെങ്കടൽ കടത്തി, അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് അവരെ ഉള്ളംകയ്യിൽ പരിപാലിച്ചു, യോശുവയെ യെരീഹോ മതിൽ തകർക്കാൻ ബലപ്പെടുത്തിയ ദൈവം ഇന്നും എന്റെ പ്രതിസന്ധികളുടെ മധ്യത്തിൽ ഇറങ്ങിവരും എന്നു വിശ്വസിക്കാം.

ഒരു വശത്ത് ശത്രുക്കളുടെ പടജ്ജനങ്ങളും, ആയുധങ്ങളും നിരന്നപ്പോഴും തന്റെ ജനത്തെ പരിപാലിക്കാൻ തന്റെ ദൈവം അവരെ ആത്മാർത്ഥമായി പ്രവർത്തിക്കുമാറാക്കിയതും മനസ്സിലാക്കിയ ദെബോറ, എത്ര നന്ദിയോടും, വിശ്വാസത്തോടും കൂടിയാണ് "വീരന്മാരുടെ മധ്യേ യഹോവയും എനിക്കായി ഇറങ്ങിവന്നു" എന്ന് പാടിയത്.

ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായ നാം ഓരോരുത്തരും, ഈ ലോകത്തിൽ പല പ്രതിസന്ധികൾ, കഷ്ടതകൾ ഒക്കെ നേരിടേണ്ടിവരും. എന്നാൽ നമ്മെ വിളിച്ച ദൈവം വിശ്വസ്തനാണ്. പ്രയാസങ്ങളുടെ മധ്യേ അവൻ നമുക്കായി ഇറങ്ങിവരും. ദൈവസാന്നിധ്യം അനുഭവിപ്പാൻ, നമ്മുടെ ജീവിതങ്ങളെ താഴ്മയോടെ കർത്താവിനു സമർപ്പിക്കാം. പരിശുദ്ധാത്മാവ് അതിനായി നമ്മെ ശക്തരാക്കട്ടെ.

**പരാമർശം:**

സെഫന്യാവ് 3:17

നിന്റെ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി നിന്റെ മദ്ധ്യേ ഇരിക്കുന്നു; അവൻ നിന്നിൽ അത്യന്തം സന്തോഷിക്കും; തന്റെ സ്നേഹത്തിൽ അവൻ മിണ്ടാതിരിക്കുന്നു; ഘോഷത്തോടെ അവൻ നിങ്കൽ ആനന്ദിക്കും.

യിരേമ്യാവ് 20:11

എന്നാൽ യഹോവ ഒരു മഹാവീരനെപ്പോലെ എന്നോടുകൂടെ ഉണ്ടു; ആകയാൽ എന്നെ ഉപദ്രവിക്കുന്നവർ ഇടറിവീഴും; അവർ ജയിക്കയില്ല; അവർ ബുദ്ധിയോടെ പ്രവർത്തിക്കായ്കയാൽ ഏറ്റവും ലജ്ജിച്ചുപോകും; ഒരിക്കലും മറന്നുപോകാത്ത നിത്യലജ്ജയോടെ തന്നേ.

യോഹന്നാൻ 15:46

എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന്നു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ

നിങ്ങൾക്കു കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല. എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പുപോലെ പുറത്തു കളഞ്ഞിട്ടു അവൻ ഉണങ്ങിപ്പോകുന്നു; ആ വക ചേർത്തു തീയിൽ ഇടുന്നു.

## സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 032